## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 360** 28.11.2018 -ൽ മറുപടിക്ക്.

## റേഷൻ കാർഡിനുള്ള അപേക്ഷകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി ഗീതാ ഗോപി** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** റേഷൻ കാർഡ് ലഭിക്കുന്നതിനായി നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്ര പേർക്ക് കാർഡ് വിതരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | **(എ)** 21/11/2018 വരെ 15,55,107 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 4,60,874 അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| **(ബി)** റേഷൻ തയ്യാറാക്കുന്നതിനുള്ള സോഫ്റ്റ് വെയറിൽ പലപ്പോഴും തകരാറ് ഉണ്ടാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണം വ്യക്തമാക്കാമോ; | **(ബി)** ഇല്ല. ഇ-പോസ് മെഷീൻ കണക്ടിവിറ്റി സംവിധാനത്തിൽ സർവർ സംബന്ധിച്ച ചില തകരാറുകൾ ഉണ്ടായത് പരിഹരിച്ചിട്ടുണ്ട്. |
| **(സി)** റേഷൻ കാർഡ് ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | **(സി)** റേഷൻ കാർഡുകളുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷകളും 25.06.2018 മുതൽ സ്വീകരിച്ചു തുടങ്ങിയിരുന്നു. 21/11/2018 വരെ 15,55,107 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 4,60,874 അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. കാലതാമസം കൂടാതെ റേഷൻ കാർഡ് വിതരണം ചെയ്യുന്നതിന് ഡാറ്റാ എൻട്രി നടത്താൻ സി-ഡിറ്റിൽ നിന്നുള്ള ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ കൂടാതെ അക്ഷയ വഴിയും ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. നിലവിൽ 88% ഡാറ്റാ എൻട്രി പൂർത്തിയായിക്കഴിഞ്ഞു. കൂടാതെ, റേഷൻകാർഡ് പ്രിന്റ് എടുക്കുന്നതിനു വേണ്ടി ഏകദേശം 150 പ്രിന്ററും 80 ലാമിനേഷൻ മെഷീനും ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസുകളിൽ എത്തിച്ചിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*